AKSHAYA
Gateway of Opportunities

# അക്ഷയജാലകം
ന്യൂസ് ബുള്ളറ്റിൻ

KERALA STATE IT MISSION

Issue - 9 | Enabling Akshaya is Empowering Kerala | 2018 May

## ജി ടു സി സർവ്വീസ് സാദ്ധ്യതാ പഠനം
# ഇ-ഗവേർണൻസ് ശില്പശാല നടത്തി



സർക്കാർ സേവനം പരമാവധി ഓൺലൈനാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ച് ഏകദിന ശില്പശാല നടത്തി. നിലവിലുള്ള ഓൺലൈൻ സേവനങ്ങൾ, ഓൺലൈനാക്കാൻ സാദ്ധ്യതയുള്ളവ, വകുപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ, അവയുടെ സാദ്ധ്യതകൾ തുടങ്ങിയവ ശില്പശാലയിൽ അവതരിപ്പിക്കപ്പെട്ടു. അവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടിനെ ആസ്പദമാക്കി സർക്കാരിൽനിന്നും പൊതുജനങ്ങളിലേക്കെത്തിക്കുവാൻ കഴിയുന്ന സേവനങ്ങൾ കണ്ടെത്തി അവ ഓൺലൈനാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കും.ശില്പശാല അക്ഷയ ഡയറക്ടർ ശ്രീ. സീറാം സാംബശിവറാവു ഐഎഎസ് ഉദ്ഘാടനം ചെയ്തു. ഐടി മിഷൻ ഇ-ഗവേർണൻസ് ഹെഡ് ഡോ. ശബരീഷ് കെ ക്ലാസെടുത്തു. നെറ്റ്‌വർക്ക് മാനേജർ സന്തോഷ്കുമാർ കെ സംസാരിച്ചു. വിവിധ വകുപ്പുകളിലൂടെയുള്ളസേവനങ്ങൾ സംബന്ധിച്ച് നിശ്ചിത ഫോർമാറ്റിൽ ലഭിച്ച വിവരങ്ങൾ സർവ്വീസ് ഡെലിവറി മാനേജർ ശ്രീ. റജു ടോംലാൽ ഡയറക്ടർക്ക് സമർപ്പിച്ചു. അക്ഷയ, എസ്. ഇ.എം.ടി എന്നിവയുടെ സഹകരണത്തോടെയായിരുന്നു ശില്പശാല സംഘടിപ്പിച്ചത്.



## സേവനനിരക്കുകൾ വർദ്ധിപ്പിച്ച് ഉത്തരവായി

അക്ഷയ കേന്ദ്രങ്ങൾവഴി നൽകിവരുന്ന സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായി. നിലവിലുള്ള എല്ലാ പ്രധാന സേവനങ്ങളുടെയും നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കുകളുടെ പട്ടിക സംരംഭകർക്ക് അയച്ചിട്ടുണ്ട്. സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ, സേവനനിരക്കുകൾ എന്നിവ പൊതുജനങ്ങൾക്ക് പരിശോധിക്കുവാനായി ഇവ രേഖപ്പെടുത്തിയ ലഘുലേഖ, റേറ്റ് ചാർട്ട് എന്നിവ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകും.

## ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രാഥമിക പരിശീലനം നടത്തി

അക്ഷയ സംസ്ഥാന ജില്ലാ ഓഫീസുകൾക്കും അക്ഷയ കേന്ദ്രങ്ങൾക്കും ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ആവശ്യമായ അർഹതാ മാനദണ്ഡങ്ങൾ സംബന്ധിച്ച് ഏകദിന പരിശീലനം നടന്നു. ക്ഷീരവികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സുനിൽകുമാർ ക്ലാസെടുത്തു. മിഷൻ കോർഡിനേറ്റർ കെ. സന്തോഷ്കുമാർ, അക്ഷയ അഡ്മിനിസ്ട്രേഷൻ ഓഫീസർ ശ്രീ.എ.എസ് ഹരികുമാർ, ഫിനാൻസ് ഓഫീസർ ശ്രീ. ബി. സന്തോഷ്കുമാർ, സർവ്വീസ് ഡെലിവറി മാനേജർ റജു ടോം ലാൽ, ബിഡിഎം ബിജു വി.എസ് കുമാർ, എന്നിവർ സംസാരിച്ചു



## കേരള സർക്കാർ രണ്ടാം വാർഷികം

# സേവനനിരതമായി ഐടി സ്റ്റാളുകൾ



തൃശ്ശൂരിൽ വിദ്യാഭ്യാസമന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് ഐടി സ്റ്റാൾ സന്ദർശിക്കുന്നു

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സർക്കാരിനു കിഴിലുള്ള വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ജില്ലകളിൽ പ്രദർശനമേളകൾ നടന്നു. സർക്കാർ സേവനങ്ങളും പദ്ധതികളും ജനങ്ങളിലെത്തിക്കുന്നതോടൊപ്പം സർക്കാർ ഏജൻസികളുടെ ഉൽപന്നങ്ങൾ പ്രചരിപ്പിച്ച് ജനകീയമാക്കുകയെന്നതും മേളയുടെ ലക്ഷ്യമായിരുന്നു. പ്രദർശന വിപണന മേളയ്ക്കപ്പുറം സർക്കാർ സേവനങ്ങളുടെ സഹായ കേന്ദ്രമായി മാറി സ്റ്റാളുകൾ. ആയിരക്കണക്കിനാളുകൾ ഓരോ ജില്ലയിലും സ്റ്റാളുകൾ സന്ദർശിക്കാനെത്തി.

മേളയിലെ മുഖ്യ ആകർഷണമായിരുന്നു ഇൻഫർമേഷൻ ആന്റ് ഐടി ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ സ്റ്റാളുകൾ. വിവരസാങ്കേതിക രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളുടെ നേർകാഴ്ചയായി ഐടി സ്റ്റാളുകൾ. ആധാർ അനുബന്ധ സേവനങ്ങൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനുള്ള അപേക്ഷകൾ, എം കേരളം, കെവൈഫൈ, കറൻസി രഹിത പണമിടപാട് തുടങ്ങിയവയും ഇ-ഗവേർണൻസ് രംഗത്തെ സാദ്ധ്യതകളും അവസരങ്ങളും ഐടി സ്റ്റാളുകളിൽനിന്ന് പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, ജില്ലാകളക്ടർമാർ, വിവിധ വകുപ്പ് മേധാവികൾ, സാംസ്കാരിക പ്രമുഖർ തുടങ്ങിയവർ സ്റ്റാളുകൾ സന്ദർശിച്ചു. വ്യത്യസ്തവും നൂതനവുമായ ഒട്ടേറെ പരിപാടികൾ മേളയോടനുബന്ധിച്ച് ജില്ലകൾ തനതായി ആവിഷ്കരിച്ചിരുന്നു. മികച്ച പ്രദർശന സ്റ്റാളായി ഐടി സ്റ്റാളുകൾ പല ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടത് ഐടി ഡിപ്പാർട്ടുമെന്റിനും അക്ഷയയ്ക്കുമുള്ള അംഗീകാരം കൂടിയായി.

## ഏകജാലകം: സംരംഭകർക്ക് പരിശീലനം നൽകി

ഏകജാലക സംവിധാനത്തിലൂടെ യൂണിവേഴ്സിറ്റി കോഴ്സുകൾക്ക് അപേക്ഷിക്കുന്നതിന് അക്ഷയ സംരംഭകർക്ക് കേരള യൂണിവേഴിസിറ്റി പരിശീലനം നൽകി. അപേക്ഷ സംബന്ധിച്ച വിശദാംശങ്ങൾ, സംശയങ്ങൾ പരിഹരിക്കൽ തുടങ്ങി അപേക്ഷയുടെ വിവിധ ഘട്ടങ്ങൾ അധികൃതർതന്നെ നേരിട്ട് വിശദീകരിച്ച് പരിശീലനം നൽകുകയായിരുന്നു.

## കരിയർ ഗൈഡൻസ് സൗകര്യം




എസ്.എസ്എൽസി, പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനും അഭിരുചി കണ്ടെത്തുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന കരിയർ ഗൈഡൻസ് രജിസ്ട്രേഷൻ അക്ഷയ കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്നു. പൈലറ്റടിസ്ഥാനത്തിൽ കൊല്ലത്തും തിരുവനന്തപുരത്തും ഇതിന്റെ പരിശീലനം നടന്നു.

## ബിസിനസ് കൺസൾട്ടേഷൻ സർവ്വീസ്

പുതിയ ബിസിനസ് മേഖല കണ്ടെത്തുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സഹായകമായ ബിസിനസ് കൺസൾട്ടേഷൻ സർവീസിൽ സംരംഭകർക്ക് പരിശീലനം നൽകി. സ്വകാര്യ മേഖലകളിലെ സേവനങ്ങളിലേക്ക്കൂടി പ്രവർത്തനം വ്യാപിപ്പിച്ച് വരുമാനമാർഗ്ഗം കണ്ടെത്താൻ കഴിയുന്ന അമ്പതിലധികം സേവനങ്ങളെക്കുറിച്ചാണ് സംരംഭകർക്ക് ആവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുന്നത്. പൈലറ്റടിസ്ഥാനത്തിൽ എറണാകുളം തിരുവനന്തപുരം ജില്ലകളിലാണ് പരിശീലനം നൽകിയത്.

# ഡോക്കുമെന്ററി പ്രകാശനം ചെയ്തു

അക്ഷയവഴി നടപ്പിലാക്കുന്ന വിവിധ സേവനങ്ങളും അവയുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ച് ഉഷാകുമാരി മാടമൺ സംവിധാനം ചെയ്ത അക്ഷയ ഒരു നേർക്കാഴ്ച എന്ന ഡോക്കുമെന്ററി ജല വിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു ടി തോമസ് പ്രകാശനം ചെയ്തു. സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് ശബരിമല ഇടത്താവളത്തിൽ സംഘടിപ്പിച്ച ചടങ്ങിലായിരുന്നു പ്രകാശനം. ജില്ലയിലെ അക്ഷയ സംരംഭകരുടെ നേതൃത്വത്തിലായിരുന്നു ഡോക്കുമെന്ററിയുടെ നിർമാണം.



അക്ഷയ ഒരു നേർക്കാഴ്ച ഡോക്കുമെന്ററിയുടെ പ്രകാശനചടങ്ങിൽനിന്ന്



വയനാട് : മികച്ച സ്റ്റാളിനുള്ള അവാർഡ് ഐടി സ്റ്റാളിന്



കോഴിക്കോട് :മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ ഐടി സ്റ്റാൾ സന്ദർശിക്കുന്നു.



കൊല്ലം : മന്ത്രി ശ്രീമതി. ജെ.മേഴ്സിക്കുട്ടിയമ്മ, ജില്ലാ കളക്ടർ ഡോ. എസ്. കാർത്തികേയൻ എന്നിവർ ഐടി സ്റ്റാൾ സന്ദർശിക്കുന്നു.



കോട്ടയം : ജില്ലാ കളക്ടർ ഡോ. ബിഎസ് തിരുമേനി ഐടി സ്റ്റാൾ സന്ദർശിക്കുന്നു.



മലപ്പുറം: മികച്ച സ്റ്റാളിനുള്ള പുരസ്കാരം ഐടി സ്റ്റാളിന്



കാസർഗോഡ്: സേവനം തേടി ഐടി സ്റ്റാളിൽ എത്തിയവർ



പാലക്കാട് : മന്ത്രി ശ്രീ. എ.കെ ബലൻ ഐടി സ്റ്റാൾ സന്ദർശിക്കുന്നു.



തിരുവനന്തപുരം: പൊതുജനങ്ങൾ ഐടി സ്റ്റാളിൽ



പത്തനംതിട്ട : ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എ. ഐടി സ്റ്റാൾ സന്ദർശിക്കുന്നു



തൃശ്ശൂർ :ഐടി സ്റ്റാളിൽനിന്ന്.



കണ്ണൂർ : മികച്ച സ്റ്റാളിനുള്ള പുരസ്കാരം ഐടി സ്റ്റാളിന്




ഇടുക്കി : മികച്ച സ്റ്റാളിനുള്ള അവാർഡ് ഐടി സ്റ്റാളിന്




എറണാകുളം : ടെക്നിക്കൽ ട്രെയിനിംഗ്

**രചനകൾ ക്ഷണിക്കുന്നു**

ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ചെറുലേഖനങ്ങൾ ക്ഷണിക്കുന്നു. ഐടി മേഖലയുമായി ബന്ധപ്പെട്ടതും സംരംഭകർക്ക് പ്രയോജനപ്പെടുന്നതുമായ ലേഖനങ്ങൾ അയയ്ക്കാം.

Mail id: newsletteraspo@gmail.com